ഇക്കൊല്ലം കൊടുത്തിട്ടുണ്ട്. ഇതൊരു മിനി പ്രൈമറി ഹെൽത്ത് സെന്റ റാണ്. കിടത്തി ചികിത്സിക്കുന്ന സ്ഥാപനമല്ല. 56,850 രൂപയുടെ മരുന്ന് കൊടുത്തുവെന്ന് പറഞ്ഞാൽ അവിടെ ചികിത്സ നടന്നിരുന്നു വെന്നർത്ഥം. ഡോക്ടർ ലീവെടുത്ത് പോയെങ്കിലും താൽക്കാലികമായി ഡോക്ടറുടെ വർക്ക് അറേഞ്ച്മെന്റിൽ ഒരു ഡോക്ടറെ അവിടെ നിയമിച്ചിട്ടുണ്ട്.

(21) പരപ്പനങ്ങാടി പ്രദേശത്തെ വോൾട്ടേജ് ക്ഷാമം

ശ്രീ. സി. പി. കുഞ്ഞാലിക്കുട്ടി കേയി: സർ, ഈ സഭയിൽ വന്ന തുമുതൽ ഞങ്ങളുടെ പ്രദേശത്തെ വോൾട്ടേജ് ക്ഷാമത്തെക്കുറിച്ച് ഉന്നയിക്കുകയാണ്. ആദ്യകാലം മുതൽ ബഹുമാനപ്പെട്ട മന്ത്രിയോടും ഗവൺമെൻറിനോടും പറയുന്നതാണ്. ആദ്യം ഇടപ്പാൾ സബ് സ്റ്റേഷൻ വരുമ്പോൾ ശരിയാകുമെന്നു പറഞ്ഞു, പിന്നെ ചേളാരി സബ് സ്റ്റേഷൻ വന്നാൽ ശരിയാവുമെന്നു പറഞ്ഞു, ഇപ്പോൾ ഇടപ്പാളും ചേളാരിയും പോയി. ഇപ്പോൾ ഒന്നും നടക്കുന്നില്ല. ഇപ്പോൾ ഉള്ള സ്ഥിതിയുടെ കണക്ക് 25-3-1991-ൽ സ്മാൾ സ്കെയിൽ ഇൻഡസ്ട്രീസുകാരുടെ ഹർജി കൊടുത്തിട്ടുണ്ട്. അതിൽ അവർ കൊടുത്ത കണക്ക് 6 മണി മുതൽ 12 മണിവരെ 250 വോൾട്ടേജ്, 12 മണിമുതൽ 2 മണിവരെ 310 വോൾട്ടേജ്, 2 മണിമുതൽ 6 മണിവരെ 320 വോൾട്ടേജ്, 6 മണിമുതൽ 11 മണിവരെ 90 വോൾട്ടേജ്, ഈ സമയത്താണ് കുട്ടികൾക്ക് പഠിക്കണം, ഇൻഡസ്ട്രീസും പ്രവർത്തിപ്പിക്കണം. തിരൂരിൽനിന്നും പരപ്പനങ്ങാടി വരെയുള്ള സബ് സ്റ്റേഷനു വളരെയധികം ദൂരമുണ്ട്. ഇടയ്ക്ക് പരപ്പനങ്ങാടിയിൽകൂടി ഒരു സബ്സ്റ്റേഷൻ തുടങ്ങിയാൽ കുറെയൊക്കെ വ്യത്യാസപ്പെടും. ചേളാരിയിലെ പണി ഉടനടി തീർക്കാൻവേണ്ടി പരിശ്രമിക്കുന്നുണ്ട്. അതോടൊപ്പംതന്നെ ചെറുകിട ജലസേചന പദ്ധതികൾക്ക് പോസ്റ്റില്ലായെന്ന കാരണത്താൽ വൈദ്യുതി കണക്ഷൻ കൊടുക്കുന്നില്ല. ഈ കാര്യത്തിൽ അടിയന്തിരമായി അന്വേഷിച്ച് വേണ്ടത് ചെയ്തുതരണമെന്നാണ് എനിക്കു പറയാനുള്ളത്: ഇതിനിടയിൽ മന്ത്രിയും ഗവൺമെൻറുമൊക്കെ മാറും, എങ്കിലും ഇതിനൊരു പരിഹാരമുണ്ടാക്കിത്തരണമെന്ന് അഭ്യർത്ഥിക്കുന്നു.

വൈദ്യുതി മന്ത്രിയും ഗ്രാമവികസനവും വകുപ്പുമന്ത്രി (ശ്രീ. ടി. ശിവദാസമേനോൻ): അടുത്തുതന്നെ മന്ത്രി മാറുമെന്ന് പറഞ്ഞിട്ട് ഈ സബ്മിഷൻ തരുന്നതിലെന്താണർത്ഥം. ഗവൺമെൻറ് ശാശ്വതമല്ലേ. പരപ്പനങ്ങാടിയിൽ ഒരു 110 കെ. വി. സബ് സ്റ്റേഷൻ സ്ഥാപിക്കുന്നതിനെ സംബന്ധിച്ചുള്ള ആവശ്യങ്ങളെ സംബന്ധിച്ചു സാങ്കേതിക പഠനത്തിനുശേഷം ആവശ്യമെന്നു തെളിഞ്ഞാൽ സബ്സ്റ്റേഷൻ സ്ഥാപിക്കുവാനുള്ള നടപടികളും കൈക്കൊള്ളുന്നതാണ്.

(22) ഓട് വ്യവസായം നേരിടുന്ന പ്രതിസന്ധി

ശ്രീ. ബാബു ദിവാകരൻ: സർ, കൊല്ലം ജില്ലയിലെ ഓട് വ്യവസായം ഇന്ന് പ്രതിസന്ധിയിലാണ്. അവിടെ അതിനാവശ്യമായ ചെളി ലഭ്യമാകുന്നില്ല. വിറകിന്റെ വില വർദ്ധിച്ചതുമൂലം അതിന് ബുദ്ധിമുട്ടുണ്ടായിരിക്കുന്നു. തൃശ്ശൂരിലേയും കൊല്ലത്തെയും കൂലി വ്യവസ്ഥയിലുള്ള വ്യത്യാസം ഇതിനെ ബാധിച്ചിട്ടുണ്ട്. പല ഓടു കമ്പനികളും ഇന്ന് അടഞ്ഞുപോകുകയാണ്. അതുകൊണ്ട് തൊഴിലാളികൾക്ക് ജോലി നഷ്ടപ്പെടുന്നു, അവരുടെ ആനുകൂല്യങ്ങൾ ഇപ്പോൾ ലഭ്യമാകാതിരി

LIBRARY ARCHIVES Kerala Legislative Assembly